ആർ.എം.എസ്.എ. പദ്ധതി പ്രകാരം ശമ്പളം നൽകുന്നതിന് അനുവദനീയമായ തസ്തികകൾ താഴെ പറയുന്നു:

എച്ച്.എം.	-	1
എച്ച്.എസ്.എ.	-	5

(3 വിഷയാദ്ധ്യാപകർ-സോഷ്യൽ സയൻസ്, സയൻസ്, കണക്ക് (2 ഭാഷാദ്ധ്യാപകർ-മലയാളം, ഹിന്ദി)

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ് *- 1

(സി) 2011-12 വർഷം ആർ.എം.എസ്.എ. പദ്ധതി പ്രകാരം അപ്ഗ്രേഡ് ചെയ്ത 16 സ്കൂളുകളിൽ അദ്ധ്യാപക തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല. സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം 2 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ച് അദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. അദ്ധ്യാപനം തടസ്സപ്പെടാതിരിക്കാൻ അദ്ധ്യാപകരെ ടീച്ചേഴ്സ് ബാങ്കിൽനിന്നും വിന്യസിക്കാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

സ്കിൽപാർക്ക്'

90 (4712) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര മണ്ഡലത്തിലെ കുളക്കട സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിൽ 'അസാപ്' പ്രകാരം 'സ്കിൽപാർക്ക്'; അനുവദിച്ചിരുന്നോ;

(ബി) സ്കിൽപാർക്ക് ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ വിശദമാക്കുമോ;

(സി) സ്കിൽ പാർക്കിന്റെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു?

ഉത്തരം

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് കീഴിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി വിവിധ നിയോജക മണ്ഡലങ്ങളിൽ എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അസാപ്പിന്റെ ചീഫ് എഞ്ചിനീയർ, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ കൺസൾട്ടന്റ് എന്നിവരുടെ നേതൃത്വത്തിൽ വിശദമായ പരിശോധനയും ചർച്ചയും നടത്തിയതിനുശേഷം ഭൂമിയുടെ ലഭ്യതയനുസരിച്ച് സ്കിൽ പാർക്കുകൾ താമസിയാതെ ആരംഭിക്കുന്നതാണ്.

വയനാട് മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിലെ അദ്ധ്യാപക തസ്തികകൾ

91(4716) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ മേപ്പാടി ഗവ. പോളിടെക്നിക്കിൽ ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകരാണ് നിലവിലുള്ളതെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോളിടെക്നിക്കിൽ ഏതെല്ലാം അദ്ധ്യാപക തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തസ്തികകളുടെയും നിലവിലുള്ള ഒഴിവുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഒഴിവുകൾ എല്ലാം പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗസ്റ്റ് ലക്ചറർമാരുടെ സേവനം പ്രയോജനപ്പെടുത്തി ക്ലാസ്സുകൾ തടസ്സം കൂടാതെ നടത്തുന്നുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പുവഴി നിയമനം നടത്തേണ്ട കെമിസ്ട്രി, ഫിസിക്സ്, ഇംഗ്ലീഷ് ലക്ചറർ തസ്തികകളിൽ സ്ഥിര നിയമനം നടത്താൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly